(ബി) കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനായി തയ്യാറാക്കിയ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ട കമ്പനികളിൽ നിന്നും ഓഫറുകൾ ക്ഷണിച്ചപ്പോൾ ലഭിച്ച 4 ഓഫറുകൾ മൂല്യനിർണ്ണയം നടത്തുന്നതിന് സർക്കാർ ഒരു 'ബിഡ് ഇവാല്യൂവേഷൻ' കമ്മിറ്റിയെ നിയോഗിച്ചു. പ്രസ്തുത കമ്മിറ്റി തയ്യാറാക്കിയ സാങ്കേതിക ബിഡ് ഇവാല്യൂവേഷൻ' റിപ്പോർട്ടിൽ ശുപാർശ ചെയ്ത കൺസൾട്ടന്റുമാരുടെ റാങ്കിംഗിന് കേരള വാട്ടർ അതോറിറ്റിയുടെ ശുപാർശപ്രകാരം സർക്കാർ അംഗീകാരം നൽകി. പ്രസ്തുത റാങ്കിംഗിന് ജെ.ബി.ഐ.സി.യുടെ അംഗീകാരവും കിട്ടി. സാങ്കേതിക പരിശോധനയിൽ രണ്ടാം സ്ഥാനം ലഭിച്ച കമ്പനിയുടെ ഫിനാൻഷ്യൽ ബിഡിന്റെ പരിശോധന നടന്നുകൊണ്ടിരിക്കെ മാധ്യമങ്ങളും, പ്രമുഖരാഷ്ട്രീയ നേതാക്കളും, മറ്റുവരും പി.ബി.ഐ. എന്ന കമ്പനിയെ ഹ്രസ്വലിസ്റ്റിൽ ഉൾപ്പെടുത്തിയതിനെക്കുറിച്ച് വിമർശനങ്ങളും സംശയങ്ങളും ഉന്നയിക്കുകയുണ്ടായി. മേൽ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം പുനഃപരിശോധിക്കുകയും ഇന്നത്തെ സാഹചര്യത്തിൽ പുതിയതായി ആഗോള ടെൻഡർ വിളിച്ച് കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതായിരിക്കും ശരിയായ നടപടിയെന്ന് തീരുമാനിക്കുകയും ചെയ്തു. ഈ തീരുമാനം ഒ.ഇ.സി.എഫിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക കാര്യവകുപ്പിനെ അറിയിച്ചിട്ടുണ്ട്. അവരുടെ അന്തിമ മറുപടി പ്രതീക്ഷിക്കുന്നു.

(സി) ജപ്പാൻ സഹായത്തോടെയുള്ള കുടിവെള്ള പദ്ധതികളുടെ വിശദമായതും അന്തിമമായതും ആയ ഡിസൈൻ, കൺസൾട്ടന്റിന്റെ നിയമനം നടന്നതിന് ശേഷമേ നടത്തുകയുള്ളൂ. കുടിവെള്ളത്തിന് ഈടാക്കുന്ന വില അതാത് കാലങ്ങളിൽ തീരുമാനിക്കുന്നതാണ്. സംസ്ഥാനമൊട്ടാകെ ഏകീകൃതമായ റേറ്റാണ് വെള്ളത്തിന് വാട്ടർ അതോറിറ്റി ഈടാക്കി വരുന്നത്. പദ്ധതികളുടെ മൊത്തം മതിപ്പ് ചെലവ് 1787.45 കോടി രൂപയാണ്.

(ഡി) ഒ.ഇ.സി.എഫ്. (ഇപ്പോൾ ജെ.ബി.ഐ.സി.) സഹായത്തോടെയുള്ള കുടിവെള്ളവിതരണ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ആലപ്പുഴ നഗരത്തിലെ ശുദ്ധജല വിതരണം

59 (284) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നഗരത്തിലെ ശുദ്ധജലവിതരണം മെച്ചപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) കുടിവെള്ള വിതരണത്തിനായി പഴകിയ പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; ഇതിനായി എന്തു തുക ചെലവഴിച്ചിട്ടുണ്ട് ; വിശദവിവരം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഹഡ്കോയുടെ സാമ്പത്തിക സഹായത്തോടെ പമ്പയാറ്റിൽ നിന്നും ആലപ്പുഴ നഗരത്തിൽ നേരിട്ട് കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) ഈ പദ്ധതിക്ക് ആവശ്യമായ അനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ;

(ഇ) മേൽപ്പറഞ്ഞ പദ്ധതിക്ക് പുറമേ ആലപ്പുഴ നഗരത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി വിദേശ ഏജൻസികളുടെ സഹായത്തോടെ മറ്റേതെങ്കിലും പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കുമോ ;

(എഫ്) നഗരത്തിലെ കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് ജലസേചന വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ഉന്നതതലയോഗ തീരുമാനങ്ങൾ വ്യക്തമാക്കുമോ ;

(ജി) ഇതിൽ ഏതെല്ലാം തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട് ; അവശേഷിക്കുന്നവ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദവിവരം വെളിപ്പെടുത്തുമോ ;

(എച്ച്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ നഗരത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി എത്ര തുകയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ആലപ്പുഴ നഗരത്തിനും സമീപ പ്രദേശങ്ങളായ കളർക്കോട് (ഒ.ജി.) പുന്നപ്ര (ഒ.ജി) കോമളപുരം (സി.ടി.) മഞ്ചേരി (സി.ടി.) അമ്പലപ്പുഴ, പുറക്കാട് കലവൂർ, പാതിരപ്പിള്ളി, കരുമാടി എന്നീ സ്ഥലങ്ങൾക്ക് പ്രയോജനം ലഭിക്കത്തക്കവിധത്തിൽ പമ്പാനദി ഉറവിടമാക്കി ഒരു ശുദ്ധജലവിതരണ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത സ്കീമിൽ ഒന്നാം ഘട്ടമായി ആലപ്പുഴ മുനിസിപ്പാലിറ്റിക്ക് ഭാഗികമായി പ്രയോജനം ലഭിക്കത്തക്ക വിധത്തിലുള്ള ഒരു ശുദ്ധജലവിതരണ പദ്ധതിക്ക് 50 കോടി രൂപയുടെ വായ്പ ഹഡ്കോ അനുവദിച്ചിട്ടുണ്ട്. സർക്കാർ മുൻകൂർ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ താഴെപറയുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ട്.

1. തുരുമ്പെടുത്ത് ഉപയോഗയോഗ്യമല്ലാത്ത 53.56 കിലോ മീറ്റർ നീളത്തിൽ ജി.ഐ. പൈപ്പുലൈൻ മാറ്റി പി.വി.സി. പൈപ്പ് സ്ഥാപിച്ച് വിതരണം മെച്ചപ്പെടുത്തി.
2. പുതിയതായി ഒൻപത് കുഴൽ കിണറുകൾ നിർമ്മിച്ചു വെള്ളം പമ്പു ചെയ്ത് തുടങ്ങി.

LIBRARY ARCHIVES Kerala Legislative Assembly

3. ജലം അണുവിമുക്തമാക്കുന്നതിന് നാല് പമ്പ് ഹൗസുകളിൽ ക്ലോറിൻ വാതകം ഉപയോഗിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. മറ്റു നാല് പമ്പ് ഹൗസുകളിൽ കൂടി ഈ സംവിധാനം ഏർപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.
4. ആലപ്പുഴ നഗരത്തിലെ ശുദ്ധജലവിതരണം മെച്ചപ്പെടുത്തുന്നതിന് വേണ്ടി പമ്പയാർ സ്രോതസ്സായി ഒരു പദ്ധതി ആവിഷ്ക്കരിച്ച് ഹഡ്കോയ്ക്ക് നൽകി-സാമ്പത്തിക സഹായം തേടി. പ്രസ്തുത പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകുവാനുള്ള മുൻകൂർ അംഗീകാരം നൽകുകയും ചെയ്തു.

(ബി) പഴകിയതും വ്യാസം കുറഞ്ഞതുമായ ജി.ഐ. പൈപ്പുകൾ മാറ്റി പകരം 53555 മീറ്ററോളം പി.വി.സി. പൈപ്പുകൾ സ്ഥാപിച്ച് 522 ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്.

(സി&ഡി) പമ്പയാറ്റിൽ നിന്നും ആലപ്പുഴ നഗരത്തിൽ നേരിട്ട് കുടിവെള്ളം എത്തിക്കുന്നതിനുള്ള 7783.28 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി ഹഡ്കോയുടെ സാമ്പത്തിക സഹായം ലഭ്യമാക്കുവാൻ നൽകിയിരുന്നു. ഹഡ്കോ പ്രസ്തുത പദ്ധതിക്ക് 5000 ലക്ഷം രൂപ (50 കോടി രൂപ) വായ്പ സർക്കാർ ഗ്യാരണ്ടി നൽകിയാൽ അനുവദിക്കാമെന്ന ഹഡ്കോയുടെ 13-6-2000 തീയതിയിലെ കത്ത് മുഖേന അറിയിച്ചിരുന്നു. സർക്കാർ 19-1-2000-ാം തീയതിയിലെ ജി.ഒ. (എം.എസ്) നമ്പർ 6/2001 ഇറി.വ. എന്ന ഉത്തരവ് മുഖേന ഭരണാനുമതി നൽകുവാനുള്ള മുൻകൂർ അനുവാദം നൽകുകയുണ്ടായി. ഭരണാനുമതി നൽകുവാനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. ഹഡ്കോ വായ്പ നൽകിയിട്ടില്ല. ഹഡ്കോയുടെ വായ്പ ലഭിച്ചതിനുശേഷം പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പദ്ധതി നടത്തിപ്പിന് ആവശ്യമായ തുക ലഭിച്ചു തുടങ്ങിയിട്ടില്ലാത്തതിനാൽ കാലതാമസം വന്നിട്ടില്ല.

(ഇ) ആലപ്പുഴ നഗരത്തിനും ആലപ്പുഴ താലൂക്കിലെ മറ്റു വില്ലേജുകൾക്കും കാർത്തികപ്പള്ളി താലൂക്കിലെ മുഴുവൻ പ്രദേശങ്ങളുൾപ്പെടുത്തി ഫ്രഞ്ച് ഗവൺമെന്റിന്റെ സഹായത്തോടെ നടപ്പിലാക്കുന്നതിന് വേണ്ടി ഒരു പദ്ധതി തയ്യാറാക്കി സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത പദ്ധതിക്ക് ഫ്രഞ്ച് ധനസഹായം ലഭ്യമാകുമെന്ന് ഉറപ്പ് ലഭിച്ചിട്ടില്ലാത്തതിനാൽ ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കിന്റെ ധനസഹായം ലഭ്യമാക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു.

(എഫ്) ജലസേചന വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ഉന്നത തല യോഗതീരുമാനങ്ങൾ താഴെ പറയുന്നവയാണ്.

1. ശാശ്വത പരിഹാരമെന്ന നിലയിൽ പമ്പാനദി സ്രോതസ്സായി ആലപ്പുഴയ്ക്കും മറ്റു പ്രദേശങ്ങൾക്കും പ്രയോജനം ലഭിക്കത്തക്ക വിധം ഒരു ശുദ്ധജലവിതരണ പദ്ധതി തയ്യാറാക്കുക.
2. അന്ന് നിലനിന്നിരുന്ന കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ കുഴൽ കിണറുകൾ സ്ഥാപിക്കുന്നതിനും ദ്രവിച്ച് പോയ ജലവിതരണ കുഴലുകൾ മാറ്റി സ്ഥാപിക്കുന്നതിനും മറ്റുമായി ആവശ്യമായ പണം അനുവദിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(ജി) യോഗ തീരുമാനങ്ങൾ എല്ലാം നടപ്പിലാക്കാൻ നടപടികൾ എടുത്തിട്ടുണ്ട്.

(എച്ച്) പഴയ പൈപ്പുകൾ മാറ്റി 53556 മീറ്റർ പുതിയ പി.വി.സി. പൈപ്പുകൾ മാറ്റി സ്ഥാപിച്ചു. നഗരത്തിൽ വിവിധ സ്ഥലങ്ങളിലായി ഒൻപത് കുഴൽ കിണറുകൾ സ്ഥാപിച്ചു. ജലശുദ്ധീകരണത്തിനായി എല്ലാ ടാങ്കുകളിലും ഗ്യാസ് ക്ലോറിനേറ്റർ സ്ഥാപിച്ചു. ഇതിലേക്കായി 130 ലക്ഷം രൂപ ചെലവായി.

പ്രവർത്തന രഹിതമായ വാട്ടർ മീറ്ററുകൾ മാറ്റി സ്ഥാപിക്കാൻ നടപടി

60 (285) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവർത്തനരഹിതമായ വാട്ടർ മീറ്ററിന് പകരം പുതിയ മീറ്റർ വാട്ടർ അതോറിറ്റി തന്നെ സ്ഥാപിച്ചിട്ട് ഉപഭോക്താവിൽ നിന്ന് മീറ്റർ വിലയും ചെലവും ഈടാക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) ജലത്തിന്റെ ഉപയോഗം കൃത്യമായി അറിയുന്നതിനും അതിന് അനുസരിച്ച് ചാർജ്ജ് ഈടാക്കുന്നതിനും സൗകര്യമാകുമാറ് ഈ പദ്ധതി നടപ്പിലാക്കാൻ സർക്കാർ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) വാട്ടർ സപ്ലൈ റഗുലേഷൻ അനുസരിച്ച് പ്രവർത്തനരഹിതമായ വാട്ടർ മീറ്റർ മാറ്റി സ്ഥാപിക്കേണ്ടത് ഉപഭോക്താവാണ്. എന്നാൽ തൽക്കാലം വാട്ടർ അതോറിറ്റിയിൽ സ്റ്റോക്കുള്ള വാട്ടർ മീറ്ററുകൾ ഉപയോഗിച്ച് പ്രവർത്തനരഹിതമായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതാണ്.

(ബി) കേരള വാട്ടർ അതോറിറ്റി സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ വാട്ടർ മീറ്ററുകൾ വാങ്ങുന്നതിനായി ഫണ്ട് മാറ്റി വയ്ക്കാൻ സാധിക്കുകയില്ല. ആയതിനാൽ തൽക്കാലം ഇത്തരം പദ്ധതി പരിഗണനയിലില്ല.

ഗ്രാമീണ ജലവിതരണവും പരിസര ശുചീകരണവും

61 (286) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. സി. എൻ. ജയദേവൻ :
ശ്രീ. ജോസ് ബേബി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗ്രാമീണ ജലവിതരണത്തിനും പരിസര ശുചീകരണത്തിനും വേണ്ടി ലോകബാങ്ക് സഹായം അനുവദിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly